# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 30**

---

## ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എം.ജി സർവകലാശാലാ രജിസ്ട്രാർ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ പുതിയ രജിസ്ട്രാറായി ഡോ. ബിസ്മി ഗോപാലകൃഷ്ണനെ നിയമിച്ചു. സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ എന്നിവയുടെ മേധാവിയും സർവകലാശാലാ റിസർച്ച് ഡയറക്ടറുമാണ്.*

*തിരുവനന്തപുരം സ്വദേശിനിയായ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എം.ജി സർവകലാശാലാ സിൻഡിക്കേറ്റ് അംഗം, കേരള സർവകലാശാലയിൽ നിയമ പഠന വകുപ്പ് മേധാവി, ഡീൻ, എം.ജി സർവകലാശാലയിൽ സ്കൂൾ ഓഫ് ലീഗൽ തോട്ടിൽ ഫാക്കൽറ്റി ഡീൻ, നുവാൽസ് അക്കാദമിക് കൗൺസിൽ അംഗം, കണ്ണൂർ സർവകലാശാലയിൽ അധ്യാപിക തുടങ്ങിയ നിലകളിലും സേവനമനുഷ്ഠിച്ചിരുന്നു.*

*ആമേരിക്കയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് ബ്യൂറോ ഓഫ് എജ്യുക്കേഷണൽ ആന്റ് കൾച്ചറൽ അഫയേഴ്സിന്റെ ഇന്റർനാഷണൽ വിസിറ്റർ ലീഡർഷിപ്പ് പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.*

*ഡോ. ബി. പ്രകാശ്കുമാറിന്റെ സേവന കാലാവധി പൂർത്തിയായതിനെത്തുടർന്നാണ് രജിസ്ട്രാർ പദവിയിൽ ഒഴിവു വന്നത്. സ്കൂൾ ഓഫ് ബയോ സയൻസസിലെ ഡോ. കെ. ജയചന്ദ്രൻ താത്കാലിക ചുമതല വഹിച്ചുവരികയായിരുന്നു.*

*ഫോട്ടോ ക്യാപ്ഷൻ..*
*ഡോ. ബിസ്മി ഗോപാലകൃഷ്ണൻ*

*(പി.ആർ.ഒ/39/873/2024)*

## മെഗാ തൊഴിൽ മേള ഒക്ടോബർ അഞ്ചിന്

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്റർ കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടെ ഒക്ടോബർ അഞ്ചിന് കുറവിലങ്ങാട് ദേവമാതാ കോളജിൽ മെഗാ തൊഴിൽ മേള സംഘടിപ്പിക്കും.*

*ബാങ്കിംഗ്, ഇൻഷുറൻസ്, ആരോഗ്യം, ഓട്ടോ മൊബൈൽ, ജ്യൂവലറി മേഖലകളിലെ കമ്പനികളും മാധ്യമ സ്ഥാപനങ്ങളും അറിയിച്ചിരിക്കുന്ന ഒഴിവുകളിൽ*

*ജോലിക്ക് താത്പര്യമുള്ളവർക്ക് കോട്ടയം മോഡൽ കരിയർ സെന്ററിന്റെ ഫേസ്ബുക്ക് പേജിലെ ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. ഫോൺ-0481 2731025, 9495628626*

*(പി.ആർ.ഒ/39/874/2024)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്സി ഇൻഫോർമേഷൻ ടെക്നോളജി (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് അഫിലിയോറ്റഡ് കോളേജുകൾ ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓക്ടോബർ പത്തിന് വിഎൻഎസ് കോളേജ് ഓഫ് ആർടസ് ആന്റ് സയൻസിൻ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

................................

*മൂന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ലേണിംഗ് ഡിസെബിലിറ്റി ആന്റ് ഇന്റലക്ച്വൽ ഡിസെബിലിറ്റി (2023 അഡ്മിഷൻ റെഗുലർ ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓക്ടോബർ എട്ടിന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/875/2024)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (2022 അഡ്മിഷനുകൾ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരിക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 14 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/876/2024)*

## പരീക്ഷാതീയതി

*ഒന്നു മുതൽ എട്ട് വരെ സെമസ്റ്ററുകൾ ബിടെക്ക് (2015 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി സിപാസ്) പരീക്ഷകൾ ഓക്ടോബർ 18 മുതൽ നടക്കും.*

...............................................

*ഒന്നു മുതൽ നാലു വരെ വർഷങ്ങളിലെ ബി ഫാം (2016 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ നാല് മുതൽ നടക്കും.*

*(പി.ആർ.ഒ/39/877/2024)*

## കരാർ നിയമനം; അപേക്ഷ ക്ഷണിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ അനലിറ്റിക്കൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഒരൊഴിവിൽ (എൽസി, എഐ)ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത കെമിസ്ട്രിയിയിലോ പോളിമർ കെമിസ്ട്രിയിലോ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും പ്രവൃത്തിപരിചയവും. 2024 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടി*

*കജാതി പട്ടികവർഗ പിന്നോക്ക വിഭാഗങ്ങൾക്ക് നിയമാനുസൃത വയസിളവ് അനുവദിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/878/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**